**പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ**
**ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.**
സംഗ്രഹം

ജി.എച്ച്.എം.സി.റ്റി. - തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരനായ ശ്രീ.ഷിബു വി. -യെ സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:-

1. ആയുഷ് (ബി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ **09/05/2025** -ലെ ആയുഷ്-ബി**2/85/2025**-ആയുഷ് നമ്പർ കത്ത്.
2. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ **24/05/2025** -ലെ ജി.എച്ച്.എം.സി.റ്റി./**1180/2025**-ഇ2 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. തിരുവനന്തപുരം ഗവ. കോളേജിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരനായ ശ്രീ. ഷിബു വി. -യുടെ **11/06/2025** -ലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ **29/10/2025** -ലെ ജി.എച്ച്.എം.സി.റ്റി./**1180/2025**-ഇ2 നമ്പർ ഉത്തരവ്.
5. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്.
6. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ **14/01/2026** -ലെ ജി.എച്ച്.എം.സി.റ്റി./**1180/2025**-ഇ2 നമ്പർ ഉത്തരവ്.
7. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ **23/01/2026** -ലെ ജി.എച്ച്.എം.സി.റ്റി./**1180/2025**-ഇ2 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. തിരുവനന്തപുരം ഗവ. കോളേജിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരനായ ശ്രീ. ഷിബു വി. -യുടെ **04/02/2026** -ലെ മറുപടി.
9. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ **18/02/2026** -ലെ ജി.എച്ച്.എം.സി.റ്റി./**1180/2025**-ഇ2 നമ്പർ കത്ത്.
10. തിരുവനന്തപുരം ഗവ. കോളേജിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരനായ ശ്രീ. ഷിബു വി. -യുടെ **23/02/2026** -ലെ കത്ത്.
11. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ **05/03/2026** -ലെ ജി.എച്ച്.എം.സി.റ്റി./**1180/2025**-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

**നമ്പർ: ജി.എച്ച്.എം.സി.റ്റി./1180/2025-ഇ2 തിരുവനന്തപുരം, തീയതി,17-03-2026**

തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവന്നിരുന്ന ശ്രീ. ഷിബു വി. **25/01/2024** മുതൽ കൃത്യമായ അവധി അപേക്ഷ നൽകാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ട്



File No. GHMCT/1180/2025-E2 (Computer No. 168664)
Generated from eOffice by VINUKUMAR M B, E 2 GHMCT, E2 GHMCT, GOVERNMENT HOMEO MEDICAL COLLEGE THIRUVANANTHAPURAM on 19/03/2026 12:44 PM

നിൽക്കുകയാണ്. ടിയാന്റെ അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് ശ്രീ. ഷിബു. വി. യെ യഥാസമയം കത്തുമുഖേനയും മെയിൽ വഴിയും അറിയിച്ചിരുന്നെങ്കിലും കൃത്യമായി അവധി അപേക്ഷ സമർപ്പിക്കുന്നതിന് ടിയാൻ സന്നദ്ധനായിരുന്നില്ല. ശ്രീ. ഷിബു. വി. യുടെ അനധികൃത ലീവ് ഹോസ്പിറ്റലിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന അവസ്ഥ വന്നതിനെ തുടർന്ന് ടിയാനെ ഹോസ്പിറ്റലിൽ നിന്ന് കോളേജിന്റെ അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലേക്ക് സ്ഥലം മാറ്റിയെങ്കിലും ടിയാൻ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. എന്നാൽ കാലിലെ ഞരമ്പുകളിൽ രക്തം കട്ട പിടിക്കുന്ന ഡീപ്പ് വെയിൻ ത്രോംബോസിസ് എന്ന രോഗം സാരമായി ബാധിച്ചതിനാൽ വിവിധ ഹോസ്പിറ്റലുകളിൽ ചികിത്സയിലാണെന്നറിയിച്ച്, കൃത്യമായി അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃത ലീവിൽ തുടർന്നു വന്നു. പല സമയത്തും സമർപ്പിച്ച അവധി അപേക്ഷകളിൽ കൃത്യമായ കാരണം ബോധിപ്പിക്കുകയോ മെഡിക്കൽ സർട്ടിഫിക്കറ്റുകളോ ഹാജരാക്കിയിട്ടില്ല.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ, **2024** ജനുവരി **25**-ാം തീയതി മുതൽ അനധികൃതമായി അവധിയിൽ തുടരുന്ന ശ്രീ. ഷിബു. വി. യ്ക്കെതിരെ **KCS(CC&A),1960** ചട്ടം - **15** പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മേൽ വസ്തുതകൾ ഉൾക്കൊള്ളിച്ച് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയതിൽ ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ, ടിയാൻ **2023** ആഗസ്റ്റ് മാസം മുതൽ കാലിലെ ഞരമ്പുകളിൽ രക്തം കട്ട പിടിക്കുന്ന ഡി.വി.ത്രോംബോസിസ് എന്ന രോഗം പിടിപെട്ട് വിവിധ ആശുപത്രികളിൽ ചികിത്സയിൽ ആയതിനാൽ ഓഫീസിൽ ഹാജരാകാൻ കഴിയാതിരുന്നു എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ അവധി അപേക്ഷ കൃത്യമായി സമർപ്പിക്കാതിരുന്നത് സംബന്ധിച്ചോ സാധുവായ മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കാതിരുന്നത് സംബന്ധിച്ചോ വ്യക്തമായ കാരണങ്ങളൊന്നും ടിയാൻ ബോധിപ്പിച്ചിട്ടില്ല. ടിയാൻ സമർപ്പിച്ച പ്രതിവാദ പട്ടികയിൽ, നാളിതുവരെയുള്ള അനധികൃത അവധികൾ അർഹതപ്പെട്ട അവധികളായി പരിഗണിച്ച് ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ശമ്പളം അനുവദിക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ടിയാൻ സമർപ്പിച്ച പ്രതിവാദപട്ടികയിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തുകയും, അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ശ്രീ. ഷിബു. വി. സമർപ്പിച്ചിട്ടുള്ള അവധി അപേക്ഷകളൊന്നും സാധ്യതയില്ലാത്തതും, ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ഓഫീസ് സംബന്ധമായ യാതൊരു അച്ചടക്കവും പാലിക്കാതെ വളരെ ലാഘവത്തോടെ ടിയാൻ അവധി സംബന്ധിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതായും അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ സമൂഹത്തിന് മാതൃകയാകേണ്ട വ്യക്തിയുടെ ഭാഗത്ത് നിന്നുള്ള ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നീതീകരിക്കത്തക്കതല്ല എന്ന് കണ്ടെത്തി കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി, ടിയാന്റെ ആവശ്യപ്രകാരം നേരിൽ കേൾക്കുന്നതിന് പല തവണ അവസരം നൽകിയെങ്കിലും സർക്കാർ സംവിധാനത്തെ ഇകഴ്ത്തുന്ന തരത്തിൽ ന്യായമല്ലാത്ത കാരണങ്ങൾ പറഞ്ഞ് നീട്ടിവെപ്പിക്കുകയാണ് ചെയ്തിരുന്നത്. അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെ പരാമർശം **(6)** ഉത്തരവ് പ്രകാരം സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. കഠിനമായ രോഗം കാരണം നടക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ ഓഫീസിൽ ഹാജരാകാൻ കഴിയില്ല എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇതേ കാലയളവിൽ വാമനപുരം നിയമസഭാ മണ്ഡലത്തിലെ **160**-ആം നമ്പർ ബൂത്തിൽ ബി.എൽ.ഒ. ആയി ഡ്യൂട്ടി ചെയ്തു വരികയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ **KCS(CC&A)1960**, ചട്ടം **15** പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി **KCS(CC&A)1960**, ചട്ടം **11(1)(VII)** പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്ക്കാലിക തീരുമാനമെടുത്ത് ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ ടിയാൻ സമർപ്പിച്ച മറുപടിയിൽ വകുപ്പിന്റെ തീരുമാനം പുന. പരിശോധിക്കുന്നതിനാധാരമായ കാരണങ്ങൾ മറുപടി മുഖേനയോ നേരിട്ടോ ബോധ്യപ്പെടുത്തിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ **KCS(CC&A)1960**, ചട്ടം **15** പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി **KCS(CC&A)1960**, ചട്ടം **11(1)(VII)** പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് എടുത്ത താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് (ബി) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
3. അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ (സർവ്വീസസ് - ഇ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
4. ശ്രീ.ഷിബു.വി.
   പാർവതി, നെടുമ്പ, പനയമുട്ടം പി.ഒ.,
   തിരുവനന്തപുരം. - **695 561. (Reg. with A/D)**
5. ആശുപത്രി സൂപ്രണ്ട്, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
6. വെബ് സൈറ്റ്/ എസ്.എഫ്./ ഒ.സി.





Generated from eOffice by VINUKUMAR M B, E 2 GHMCT, E2 GHMCT, GOVERNMENT HOMEO MEDICAL COLLEGE THIRUVANANTHAPURAM on 19/03/2026 12:44 PM